**<u>അറിയിപ്പ്</u>**

ഇപ്പോൾ സമയം വൈകുന്നേരം 4 മണി 5 മിനിട്ടായി. നമ്മുടെ സമയക്രമത്തെ കുറിച്ച് നമ്മളൊരു ധാരണ ഉണ്ടാക്കിയിരുന്നതാണ്. രാവിലെ 8.30 മണി മുതൽ ആരംഭിക്കുന്ന സമ്മേളനം ഇങ്ങനെ പോകുന്നൊരു സാഹചര്യം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് വളരെ വിനയപൂർവ്വം ചെയർ അറിയിക്കുകയാണ്. അതുകൊണ്ട് തിങ്കളാഴ്ച മുതൽ എല്ലാവരുടെയും അസംതൃപ്തി ഏറ്റുവാങ്ങിക്കൊണ്ടാണെങ്കിലും കർശനമായ നിലപാട് സ്വീകരിക്കാൻ ചെയർ നിർബന്ധിതമായിരിക്കുന്നു. രാവിലെ ആരംഭിക്കുന്ന ഈ സഭയുടെ നടപടിക്രമങ്ങൾ നീണ്ടുപോകുന്നതിനുള്ള പ്രധാനപ്പെട്ട രണ്ട് സന്ദർഭങ്ങൾ ഒന്ന് അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങളാണ്. അത് അൽപ്പം നിയന്ത്രിക്കുന്നത് നല്ലതാണ്. മന്ത്രിമാരുടെയും മറുപടിക്ക് അനുവദിച്ച സമയത്തിനുള്ളിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രദ്ധിക്കണം. അതേസമയം മന്ത്രിമാർക്ക് അവരുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയെ അറിയിക്കാനുണ്ടാകും. അപ്പോൾ വിശദാംശങ്ങൾ ആവശ്യമാണെങ്കിൽ മേശപ്പുറത്ത് വച്ച് സഹകരിക്കുക. സബ്മിഷനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം നമ്മൾ തീരുമാനിച്ചപ്പോൾ, ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ പറയുകയും

ബാക്കി മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. വളരെ ഭംഗിയായി 35 മിനിട്ടുകൊണ്ട് അത് അവസാനിപ്പിക്കാൻ സാധിച്ചു. അതിന് സഹകരിക്കണം. ഇത്തരം ഒരു അവസ്ഥ ആവർത്തിക്കാൻ പ്രയാസമുണ്ട് എന്ന് അറിയിക്കുകയാണ്. തിങ്കളാഴ്ച മുതൽ അക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കുമ്പോൾ ദയവായി ആർക്കും വിഷമം തോന്നരുത്.

അംഗപരിമിതർക്കായുള്ള ദേശീയ നിയമത്തെ കുറിച്ച് ഒരു ബോധവൽക്കരണ പരിപാടി ഇന്ന് സഭാ സമ്മേളനം കഴിഞ്ഞാലുടൻ മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടക്കുന്നുണ്ട്. മെമ്പേഴ്സ് ലോഞ്ചിലെ പല പരിപാടികൾക്കും ബഹുമാനപ്പെട്ട അംഗങ്ങൾ തീരെ വരുന്നില്ല. ഇന്നലെ 'ദൈവത്തിന്റെ പുസ്തകം' ചർച്ചയുണ്ടായിരുന്നു. കുറേപേർ വന്നിരുന്നു. അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രസ്തുത ഹ്രസ്വ പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.06-ന് പിരിഞ്ഞു.)

* * *